പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 724 | 03.11.2011 ൽ മറുപടിക്ക് |
|---|---|

## എംബസികളും നോർക്ക റൂട്സും തമ്മിലുള്ള ബന്ധം

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ. ടി. ജലീൽ<br>,, ടി. എം. തോമസ് ഐസക്<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. സാജു പോൾ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദേശങ്ങളിലുള്ള കേരളീയരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നോർക്ക റൂട്ട്സ് ഇപ്പോൾ എന്തെല്ലാം നിലയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (എ) | പ്രശ്ന പരിഹാരത്തിനായി ബന്ധപ്പെട്ട ഇന്ത്യൻ എംബസികളുടെ സഹായത്തോടെ നടപടികൾസ്വീകരിച്ചുവരുന്നുണ്ട്. ഇതിനോടൊപ്പം വിദേശത്ത് പ്രവാസി കേരളീയർ നേരിടുന്ന യെമൻ/ലിബിയൻ കലാപം തുടങ്ങിയ എല്ലാ അടിയന്തിര പ്രശ്നങ്ങളിലും നോർക്ക റൂട്ട്സ് ഫലപ്രദമായി ഇടപെടുകയും പ്രവാസികളെ സഹായിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എംബസികളും നോർക്ക റൂട്ട്സും തമ്മിലുള്ള ബന്ധം ഇതിന് പര്യാപ്തമാണോ; | (ബി) | നോർക്ക റൂട്ട്സിന് എംബസ്സികൾക്ക് നിർദ്ദേശങ്ങൾ നൽകാൻ അധികാരമില്ലെങ്കിലും ഇവിടെ ലഭിക്കുന്ന പരാതികളെല്ലാം തന്നെ നോർക്ക റൂട്ട്സ് അതാത് എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവരുകയും പരാതി പരിഹാരത്തിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) | നോർക്ക റൂട്ട്സിന് വിദേശത്തുള്ള മലയാളികളിൽ നിന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പരാതികൾ ലഭിച്ചു; എത്ര കേസ്സുകളിൽ പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്? | (സി) | നോർക്ക റൂട്ട്സിൽ ഈ സർക്കാർ അധികാരമേറ്റശേഷം 22.10.2011 വരെ 75 അപേക്ഷകൾ ലഭിക്കുകയും 13 അപേക്ഷകൾക്ക് എംബസികളിൽ നിന്നും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ